**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാചോദ്യം നം.3576** — **15/03/2018 ൽ മറുപടിക്ക്**

## ഖാദി മേഖലയിലെ നൂതന പദ്ധതികൾ

**ചോദ്യം**

**ശ്രീ. കെ.കുഞ്ഞിരാമൻ**
**ശ്രീ. കെ. ആൻസലൻ**
**ശ്രീ. ഒ. ആർ. കേളു**
**ശ്രീ. യു. ആർ. പ്രദീപ്**

**ഉത്തരം**

**ശ്രീ.എ.സി.മൊയ്തീൻ**
**(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | ഖാദി മേഖലയുടെ വികസനത്തിനും ഖാദി ഗ്രാമ വ്യവസായ മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | ഖാദി മേഖലയിൽ പുതുതായി അയ്യായിരം പേർക്ക് തൊഴിൽ അവസരം സൃഷ്ടിക്കുന്നതിനു വേണ്ടി 'ഖാദി ഗ്രാമം' എന്ന പുതിയ പദ്ധതി 2017-18 വർഷം മുതൽ നടപ്പിലാക്കി വരുന്നുണ്ട്. അതിന്റെ ഭാഗമായി നടപ്പ് വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 4.52 കോടി രൂപയിൽ നിന്ന് 1 കോടി രൂപ ഖാദി ബോർഡിന് റിലീസ് ചെയ്ത് നൽകിയിട്ടുണ്ട്. നവാഗത തൊഴിലാളികൾക്ക് ഈ മേഖലയിലേക്ക് കടന്നു വരുന്നതിനാവശ്യമായ പരിശീലനം, ചർക്കകൾക്കും തറികൾക്കും ആവശ്യമായ റിപ്പയറിംഗ് നടത്തുന്നതിന് മൊബൈൽ വർക്ക്ഷോപ്പ്, ഇവയ്ക്ക് ആവശ്യമായ കേന്ദ്രീകൃത സ്പെയർപാർട്സ് വിതരണം ഉൾപ്പെടെയുള്ള കോമൺ ഫെസിലിറ്റി സെന്റർ കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരിയിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചു വരുന്നു.<br>ഗ്രാമ വ്യവസായ മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ 'എന്റെ ഗ്രാമം' പദ്ധതി പ്രകാരം ഗ്രാമീണമേഖലയിൽ കുറഞ്ഞ മൂലധന ചിലവിൽ ബാങ്കിൽ നിന്നും വായ്പ ലഭ്യമാക്കി ആരംഭിക്കുന്ന ഗ്രാമ വ്യവസായ |

| | | | |
|---|---|---|---|
| | | | സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി മൊത്തം പദ്ധതി ചെലവിന്റെ 25% മുതൽ 40% വരെ സംരംഭകർക്ക് സബ്സിഡി അനുവദിച്ചു നൽകുന്നുണ്ട്. ഇതിനു പുറമേ പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി പ്രകാരം (പി.എം.ഇ.ജി.പി.) ബാങ്ക് വായ്പ ലഭ്യമാക്കി ഗ്രാമീണ മേഖലയിൽ ആരംഭിക്കുന്ന വ്യവസായങ്ങൾക്ക് മൊത്തം പദ്ധതിയുടെ 25% മുതൽ 35% വരെ സബ്സിഡി നൽകി വരുന്നു. |
| (ബി) | തൊഴിലിടങ്ങളിൽ മികച്ച അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയും ആധുനിക ഉപകരണങ്ങൾ, അസംസ്കൃത സാധനങ്ങൾ എന്നിവ ലഭ്യമാക്കിയും ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | തൊഴിലിടങ്ങളിൽ കുടിവെള്ളം, വൈദ്യുതി, ശൗചാലയം എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. കെട്ടിടങ്ങളുടെ റിപ്പയർ, കെട്ടിടത്തിലെ ചൂട്ട കുറയ്ക്കുന്നതിന് ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തൽ , സ്റ്റൂൾ , മേശ , തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ, ഖാദിയുടെ നിലവിലുള്ള അടിസ്ഥാന തത്വങ്ങളിൽ മാറ്റം വരാതെ തൊഴിലാളികൾക്ക് ശാരീരിക ആയാസം കുറയ്ക്കുന്ന തരത്തിലുള്ള തൊഴിലുപകരണങ്ങൾ സ്ഥാപിക്കൽ എന്നിവ ഖാദി ബോർഡിന്റെ ഗവേഷണ വികസന വിഭാഗത്തിന്റെ മേൽ നോട്ടത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ തൊഴിലിടങ്ങളിൽ ആവശ്യാനുസരണം അസംസ്കൃത സാധനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികളും ഖാദി ബോർഡ് സ്വീകരിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത മേഖലയിലെ പുതിയ വ്യവസായ സംരംഭകർക്ക് ആവശ്യമായ ഉല്പാദന വിപണന സഹായങ്ങൾ നൽകുന്നതിനും വിപണനം മെച്ചപ്പെടുത്തുന്നതിനുമായി പ്രദർശന വില്പന മേളകൾ സംഘടിപ്പിക്കുന്നതിന് ഖാദി ബോർഡ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (സി) | ഉല്പാദന വിപണന സഹായങ്ങൾ നൽകുന്നതിനും വിപണനം മെച്ചപ്പെടുത്തുന്നതിനുമായി പ്രദർശന വില്പന മേളകൾ സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി വർഷാവർഷം ബോർഡിന്റെ മേൽ നോട്ടത്തിൽ ഓണം , വിഷു , ബക്രീദ്, ക്രിസ്തുമസ് , ഗാന്ധിജയന്തി തുടങ്ങിയ വിശേഷാവസരങ്ങളിൽ പ്രത്യേക മേളകൾ സംഘടിപ്പിക്കുകയും ഇതിന്റെ ഭാഗമായി ഖാദി |

| | | | |
|---|---|---|---|
| | | | തുണിത്തരങ്ങൾക്ക് പ്രത്യേക റിബേറ്റും നൽകി വരുന്നുണ്ട്. കൂടാതെ ഓണം മേളകളിൽ പ്രത്യേക സമ്മാന പദ്ധതികൾ നടപ്പിലാക്കുകയും ഈ മേളകളിൽ ഖാദി ബോർഡിന്റെ തൊഴിൽദാന പദ്ധതികൾ മുഖേന ആരംഭിച്ചിട്ടുള്ള തൊഴിൽ സംരംഭകരുടെ ഉല്പന്നങ്ങൾ വിൽക്കുന്നതിനും പ്രദർശിപ്പിക്കുന്നതിനും സൗകര്യങ്ങൾ നൽകി വരുന്നുണ്ട്. കൂടാതെ സംരംഭകർ നിർമ്മിക്കുന്ന ഗ്രാമ വ്യവസായ ഉല്പന്നങ്ങൾ ഖാദി ഷോറൂം വഴി വിൽക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പ്രദർശന വില്പന മേളകൾ സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി ദൃശ്യ – ശ്രാവ്യ മാധ്യമങ്ങൾ മുഖേന പരസ്യങ്ങളും നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ